**<u>വിദേശകാര്യ സെക്രട്ടറിയുടെ മാധ്യമ സംഭാഷണ ചുരുക്കം</u>**
**<u>ഫെബ്രുവരി 26, 2014</u>**

മാർച്ച് നാലിന് നൈപേതോയിൽ നടന്ന ബിംസ്ടെക് ഉച്ചകോടി യിൽ പങ്കെടുക്കുവാന് പ്രധാനമന്ത്രി നിശ്ചയിച്ചിട്ടുള്ള കാര്യം നമുക്കെല്ലാവർക്കും അറിയാം . മാർച്ച് ഒന്ന് മുതല് മൂന്നു വരെ പതിനാലാമത് മന്ത്രി തല പതിനാറാമത് ഉദ്യോഗസ്ഥ തല ചർച്ചകള് നടക്കും . മന്ത്രിതല ചർച്ചയില് വിദേശകാര്യ മന്ത്രി പങ്കെടുക്കും . ഞാൻ ഉന്നത ഉദ്യോഗസ്ഥ തല ചർച്ചയില് പങ്കെടുക്കും. ഉച്ചകോടി മേഖലാ സഹകരണത്തിനും ബന്ധങ്ങൾക്കും വേഗത നൽകുകയും മറ്റു നേതാക്കളുമായി ഉഭയകക്ഷി ചർച്ചകൾക്ക് അവസരം ആകുകയും ചെയ്യും.
ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഏഴിൽ ബംഗ്ലാദേശ് , ഇന്ത്യ , ശ്രീലങ്ക , തായ്ലാൻഡ് എന്നിവിടങ്ങളിൽ നിന്നും സാമ്പത്തിക സഹകരണ സംഘം രൂപപ്പെട്ടത്തിൽ നിന്നുമാണ് ബേ ഓഫ് ബംഗാള് ഇനിഷിയെട്ടീവ് ഫോര് മൾട്ടി സെക്ടറൽ ടെക്നികൽ ആൻഡ് എകണോമിക് കോ ഓപ്പറേഷൻ ഉണ്ടാകുന്നത് . മ്യാന്മാർ 1997ലും നേപ്പാളും ഭുട്ടാനും 2004 ലും ചേർന്നു . ബാങ്കോക്കിൽ ആയിരുന്നു ഒന്നാമത്തെ ഉച്ചകോടി . 2008 ല് ഇന്ത്യ രണ്ടാമത്തെ ഉച്ചകോടിക്ക് ആതിഥ്യം നൽകി മ്യാന്മാറിന് ശേഷം നേപ്പാൾ ആകും അധ്യക്ഷസ്ഥാനം . അക്ഷരക്രമം അനുസരിച്ചാണ് അത് നടക്കുക .
ബിംസ്ടെക് ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറുകളിലെ ഇന്ത്യയുടെ കിഴക്ക് നോക്കി നയവും തായ് ലാണ്ടിന്റെ പടിഞ്ഞാറ് നോക്കി നയവും കൂടി ചേർന്നതിന്റെ പ്രകടനം ആണ് . ഏഴംഗങ്ങൾക്കും ലോക ജനസംഖ്യയുടെ 20 ശതമാനം ഉണ്ട് , അത് ഒന്നര ബില്യൺ വരും. ജിഡിപി രണ്ടര ട്രില്യൻ അമേരിക്കന് ഡോളറിൽ കൂടുതലും . ദക്ഷിണ

ഏഷ്യക്കും ദക്ഷിണ കിഴക്കെഷ്യക്കുമിടയിൽ സാർക്കിനും ആസിയാനും ഇടയിൽ ഒരു കണ്ണിയായി ബിംസ് ടെക് പ്രവർത്തിക്കുന്നു . ബേ ഓഫ് ബംഗാള് മേഖലയില് സഹകരണം പ്രോത്സാഹിപ്പിക്കുവാനും ഇന്ത്യയുടെ വടക്ക് കിഴക്കൻ മേഖലയെ മധ്യ വേദിയിലേക്ക് കൊണ്ടുവരാനും ബന്ധം വർദ്ധിപ്പിക്കുവാനും ആണ് ലക്ഷ്യമിടുന്നത് . മേഖലാ സഹകരണത്തിന് വേണ്ടി കരാറുകളും നിയമങ്ങളും പ്രോത്സാഹിപ്പിക്കുകയും അവർ ലക്ഷ്യമിടുന്നു .വർഷങ്ങള് കൊണ്ട് ബിംസ്ടെക് പ്രക്രിയ പുരോഗതി നേടി കൂടുതൽ പ്രവർത്തികള് വേണ്ട ഘട്ടത്തിൽ എത്തിയിരിക്കുന്നു . വഴി തെളിച്ചവർ എന്നാ നിലയില് തായ്ലാണ്ടിനോപ്പം ഇന്ത്യക്കും ബിംസ്ടെകിൽ വിശിഷ്ടമായ പദവിയാണ് ഉള്ളത് . ബിംസ്ടെക്കിനു പ്രധാന രാജ്യങ്ങളില് പതിനാലു മുൻഗണന മേഖലകൾ ഉണ്ട് . നാല് മുൻഗണന മേഖലയില് നമ്മൾ പ്രധാന രാജ്യങ്ങളിൽ ഒന്നാണ് . 1) ഗതാഗതവും വിനിമയവും , 2) വിനോദസഞ്ചാരം , 3) പരിസ്ഥിതിയും അത്യാവശ്യ ഘട്ടങ്ങൾ കൈകാര്യം ചെയ്യൽ 4) തീവ്രവാദ പ്രതിരോധവും ഇതരദേശ വ്യാപകമായ കുറ്റങ്ങളും . ഇന്ത്യ നേതൃത്വം കൊടുക്കുന്ന ഈ നാല് മുൻഗണന മേഖലകളിലും വളരെ നല്ല പുരോഗതി ആണുള്ളത് ഗതാഗതത്തിൽ ലക്ഷ്യം മേഖലകളുടെ ബന്ധപ്പെടുത്തൽ ആണ് സാമ്പത്തിക ഇടനാഴികൾ

പ്രോത്സാഹിപ്പിക്കുവാൻ അത് സഹായിക്കും. മേഖലയിൽ വിവിധ പദ്ധതികൾ നടക്കുകയാണ് . ബിംസ്ടെക് ഗതാഗത അടിസ്ഥാന സൌകര്യങ്ങളും ലോജിസ്ടിക്സ് പഠനവും പൂർത്തിയായി. അത് ഡിസംബർ 2013 ല് പൂർത്തിയായിരുന്നു . മേഖലാ ബന്ധങ്ങൾക്കുള്ള മുൻഗണന പദ്ധതികളുടെ പട്ടിക എഡിബി സഹായത്തോടെ നടപ്പാക്കുവാനായി ഈ വർഷം പകുതിയോടെ ന്യൂഡെൽഹിയില് തീരുമാനിക്കും. റെയിൽവെ , റോഡ് ,നമ്മൾ

പ്രോത്സാഹിപ്പിച്ചു . സമുദ്രസംബന്ധവും ബഹുമുഖ ഗതാഗതവും ചർച്ച ചെയ്തു

വിനോദ സഞ്ചാരത്തിൽ ബിംസ്ടെക് ഇൻഫർമേഷന് കേന്ദ്രം ന്യൂഡെൽഹിയില് സ്ഥാപിച്ചിരുന്നു . അതിനു പുറമേ വിദഗ്ദ്ധന്മാരുടെ പരിശീലനവും കൈമാറ്റവും അവിടെ നടക്കുന്നുണ്ട് . ഇത് ബിംസ് ടെക് രാജ്യങ്ങളുടെ ഒരു പാട് സാധ്യതകൾ ഉള്ള മേഖലയാണ് മേഖലാന്തര വിനോദസഞ്ചാര സാധ്യതകൾ കൂടുതൽ വികസിച്ചു , കൂട്ടിയിണക്കൽ ജനങ്ങൾ തമ്മിലുള്ള ബന്ധങ്ങള് സഹായിക്കും പരിസ്ഥിതി ദുരിത കൈകാര്യം ചെയ്യൽ മേഖലയില് എർത്ത് സയൻസ് മന്ത്രാലയം നോയിഡയില് ബിംസ്ടെക് കാലാവസ്ഥ പരിസ്ഥിതി കേന്ദ്രം സ്ഥാപിക്കും . അതിന്റെ നടപടികള് ഉടനെ ഉണ്ടാകും. . സുനാമി മുൻകൂട്ടി അറിയിക്കുന്ന നമ്മുടെ കേന്ദ്രത്തിൽ നിന്നും വിവരങ്ങള് ലഭ്യമാണ് .

തീവ്രവാദ പ്രതിരോധത്തിൽ ഇന്ത്യ ചർച്ചകള് നടത്തുകയും ക്രിമിനൽ കാര്യങ്ങളില് പരസ്പരം ഉള്ള നിയമ കാര്യങ്ങളിലെ സഹായത്തിനുള്ള ബിംസ്ടെക് സമ്മേളനം തീരുമാനിക്കുകയും ചെയ്തു. അന്താരാഷ്ട്ര തീവ്രവാദം എതിർക്കുവാന് ഉള്ള സമ്മേളനം , ഇതരദേശ വ്യാപകമായ രീതിയിൽ സംഘടിപ്പിക്കുന്ന കുറ്റകൃത്യങ്ങള് , നിയമവിരുദ്ധമായി മയക്കു മരുന്ന് കടത്തൽ എന്നിവയില് നടന്ന ചർച്ചകള് 2009 ല് ഒപ്പ് വച്ചിരുന്നു. സഹകരണം ശക്തമാക്കുന്നതിന് നാല് ഉപ സംഘങ്ങൾ ആയി തിരിച്ചു. ഇന്റലിജൻസ് ശ്രീലങ്കയുമായും, തീവ്രവാദത്തിനു ലഭിക്കുന്ന സാമ്പത്തികം എതിർക്കാന് തായ്ലാണ്ടുമായും , നിയമ ന്യായ നടപ്പാക്കലിൽ നമ്മളുമായും മയക്കുമരുന്ന് കടത്തു തടയുന്നതിൽ മ്യാന്മാറുമായും നാല് പ്രധാന ഉപവിഭാഗങ്ങളും ഉണ്ടാക്കി .

ഊർജം പോലുള്ള മറ്റു മേഖലകളില് മറ്റു അംഗങ്ങളുടെ

നടപടികളും നമ്മൾ പിന്തുണച്ചു. ഊർജ മന്ത്രാലയം ബിംസ് ടെക് ഊർജ കേന്ദ്രം ബാംഗളൂരില് സ്ഥാപിക്കും മേഖലാ ഊർജ സ്രോതസുകൾക്കും ഗ്രിഡുകൾക്കും ഇത് ഒരു പോലെ പ്രയോജനപ്പെടും .

പൊതു ആരോഗ്യത്തിൽ ആയുർവേദത്തില് പരിശീലനത്തിന് 30 സ്കോളർഷിപ്പുകള് നമ്മള് നൽകി . ബിംസ് ടെക് പങ്കാളികൾക്ക് വേണ്ടി പാരമ്പര്യ ചികിത്സയിൽ നമ്മള് ഒരു ശൃംഖല ഉണ്ടാക്കി . ആവശ്യം ഏറുന്നതിനാൽ പൊതു ഫാർമ സ്യൂട്ടിക്കലുമായി അടുത്ത് പ്രവർത്തിക്കുവാന് നമ്മൾ ശ്രമിക്കുന്നുണ്ട് . കൃഷിയിൽ ബയോടെക്നോളജിയില് സഹകരണം , വിത്തുകൾ , അതിർത്തികടന്ന് വരുന്ന അസുഖങ്ങൾ നിയന്ത്രിക്കുക കാർഷിക സ്ഥാപനങ്ങളുമായി ബന്ധം എന്നിവയ്ക്കുള്ള പിന്തുണ നമ്മൾ വാഗ്ദാനം ചെയ്തിട്ടുണ്ട് . വ്യാപാര നിക്ഷേപത്തിൽ ബിംസ്ടെക് എഫ് ടി എ യിൽ ചർച്ചകള് നടക്കുന്നു . കസ്റ്റംസ് സഹകരണം തർക്ക പരിഹാരം ബി 2 ബി ബന്ധങ്ങൾ പ്രച്ചരിപ്പിക്കള് എന്നിവയിൽ നമ്മള് ധാരണാപത്രം അംഗീകരിച്ചതാണ് . ജനങ്ങൾ തമ്മിലുള്ള ബന്ധങ്ങളില് 1200 ഐടിഇസി സ്കോളർഷിപ്പുകള് ഉപയോഗിച്ചു . ആർ ഐ എസ് നോഡൽ ഏജൻസി ആയിക്കൊണ്ട് ബിംസ് ടെക് ചിന്തകരുടെ ശ്രിംഖല സംഘടിപ്പിച്ചു
വടക്ക് കിഴക്ക് - ഷില്ലോങ്ങില് 2013 ൽ , ഇംഫാലിൽ 2014 - സാമ്പത്തിക സഹകരണത്തിൽ , ബിംസ്ടെക് സെമിനാർ നടത്തിയതിനു കൊൽക്കത്തയിലെ ഇന്ററ്‍ നാഷണല് ചേംബര് ഓഫ് കൊമെഴ്സിനെ നമ്മൾ പിന്തുണച്ചിരുന്നു . വടക്ക് കിഴക്കിലെ അപാരമായ സാധ്യതകളിലേക്ക് വാതിൽ തുറക്കൽ ആയിരുന്നു ഈ
സെമിനാർ . ബംഗ്ലാദേശിലെ ധാക്കയിൽ സ്ഥാപിക്കുന്ന സ്ഥിരം സെക്രട്ടറിയറ്റിന്റെ വാർഷിക ചെലവിന്റെ 32 ശതമാനം നമ്മള് സംഭാവന നൽകും . അതിനു പുറമേ

ബിംസ് ടെക് ഊർജ കേന്ദ്രം ,കാലാവസ്ഥ പരിസ്ഥിതി കേന്ദ്രം ,ഇൻഫർമേഷന് കേന്ദ്രം എന്നിവ സ്ഥാപിക്കും . ബിംസ്ടെകിലെ നമ്മുടെ ഓഹരികൾ പ്രബലം ആണ് അത് ഇനിയും വളരും വിവിധ മേഖലകളിലും ധാരാളം സാധ്യതകൾ ഉണ്ടെന്നു നിങ്ങൾ മനസിലാക്കിയത് പോലെ ബിംസ് ടെക് സാമ്പത്തിക സഹകരണം ,ഗതാഗതം, ഊർജ സഹകരണം ,സാംസ്ക്കാരിക ബന്ധങ്ങൾ പ്രോത്സാഹിപ്പിക്കൽ ,സുരക്ഷാ ബന്ധങ്ങൾ ശക്തിപ്പെടുത്തല് എന്നിവ പ്രോത്സാഹിപ്പിക്കുമെന്ന് നമ്മൾ ആഗ്രഹിക്കുന്നു . മുൻഗണന ഉള്ള മേഖലയില് ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികൾ നടപ്പാക്കുവാൻ വേണ്ട പ്രതിബദ്ധതയും ബിംസ്ടെകിനു നൽകുക എന്നതാണു നമ്മുടെ മുൻ ഗണന.

മൂന്നാമത്തെ ഉച്ചകോടി സഹകരണ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങള് ആയിട്ടാകും നടക്കുക . ധാക്കയിൽ ഒരു സ്ഥിരം സെക്രട്ടറിയെറ്റ് ആകും പ്രധാനപ്പെട്ട ഒന്ന്. മറ്റുള്ളവ ഇന്ത്യയിൽ ബിംസ്ടെക് കാലാവസ്ഥാ പരിസ്ഥിതി കേന്ദ്രം , ഭൂട്ടാനിൽ നക്ഷത്രബംഗ്ലാവ് ,സാംസ്ക്കാരിക വ്യവസായങ്ങൾ എന്നിവയിൽ ധാരണാ പത്രങ്ങള് ഒപ്പ് വയ്ക്കുക.

മ്യാന്മാർ മേഖലയുടെ അഭിലാഷമായ ഐക്യവും പുരോഗതിയും പ്രതിഫലിപ്പിക്കുന്ന ആശയം നിർദേശിച്ചു ഇതുമായി ബന്ധപ്പെട്ടുള്ള പുരോഗതിയും സ്വാഗതം ചെയ്തു കലാദാൻ ബഹുമാതൃക നദീ പദ്ധതിയെ കുറിച്ച് വന്ന ചോദ്യത്തിന് ഉത്തരം നൽകിയത് ജോയിന്റ് സെക്രട്ടറി (തെക്ക് ) ശ്രീ സഞ്ജയ് ഭട്ടാചാര്യ ആയിരുന്നു :

ബി ടി ഐ എൽ എസ് പഠനം തയാറാക്കുവാന് നമ്മള് എഡിബിയുമായി ചേർന്ന് പ്രവർത്തിക്കുന്നു . ഈ പഠനം മേഖലക്കുള്ളിൽ കൂട്ടിയിണക്കുന്ന 100 പദ്ധതികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന ഒന്നാണ് മാർച്ച് ,ഏപ്രിൽ ജൂൺ മാസങ്ങളിൽ മൂന്നു യോഗങ്ങള് കൂടുവാന് നമ്മള് പദ്ധതിയിടുന്നു .അവസാനത്തെ ഒന്ന് ഡൽഹിയില് നടക്കും അപ്പോൾ പദ്ധതികളുടെ അവസാന പട്ടിക കണ്ടെത്താൻ

സാധിക്കും . എഡിബി
സ്വാധീനത്തിനു അത് ആവശ്യമാണു . ബിംസ്ടെക്
മേഖലയിൽ ഉള്ള വിവിധ പദ്ധതികള് കൂട്ടിയിണക്കലിനെ
പ്രോത്സാഹിപ്പിക്കുന്നുണ്ട്, കലാദാൻ പദ്ധതി
നടപ്പാക്കിക്കൊണ്ടിരിക്കുകയാണ് .
എഫ് ടി എ കൂടിയാലോച്ചനകളെ കുറിച്ചുള്ള ചോദ്യത്തിന്
വിദേശകാര്യ സെക്രട്ടറി ഇങ്ങനെ പറഞ്ഞു : എഫ് ടി എ
ചർച്ചകള് സമയം എടുക്കുമെന്നുള്ള കാര്യം നിങ്ങൾക്കും
അറിയാവുന്നതാണ് . ബിംസ്ടെക് ചർച്ചകള് സാധാരണയായി
സങ്കീർണമാണ് കാരണം സഫ്ട പ്രക്രിയയിലെ നമ്മളുമായി
എഫ്ടിഎ യുള്ള രാജ്യങ്ങളുമായാണ് അവർ
വ്യാപരിക്കുന്നത്. പിന്നെയുള്ളത് ആസിയാനുമായി
ചേർന്നുള്ള രാജ്യങ്ങള് ആണ്. ഇതെല്ലാം കണക്കിലെടുത്ത്
ഇന്ത്യക്കും മറ്റുള്ളവർക്കും സംതൃപ്തമായ ഒരു
പരിണാമതിന് സമയം എടുക്കും .
പ്രധാനമന്ത്രിയുടെ മ്യാന്മാർ സന്ദർശനത്തെ കുറിച്ചുള്ള
ചോദ്യത്തിന് വിദേശകാര്യ സെക്രട്ടറി ഇങ്ങനെ പറഞ്ഞു :
2012ൽ നടത്തിയ ഉഭയകക്ഷി സന്ദർശനത്തിനു ശേഷം രണ്ടു
വർഷം കഴിഞ്ഞാണ് പ്രധാനമന്ത്രി മ്യാന്മാർ സന്ദർശിക്കുന്നത്.
പുരോഗതി വിലയിരുത്താൻ വേണ്ട നടപടികൾ നമ്മള്
ചെയ്തു. വളരെ സംതൃപ്തമായ രീതിയിൽ ആണ് ഇത്
പോകുന്നത് എന്ന് പറയുവാൻ സന്തോഷമുണ് . വിവിധ
പദ്ധതികൾ വളരെ പുരോഗതിയോടെ
നടപ്പാക്കിക്കൊണ്ടിരിക്കുന്നു. അവിടെ ഐടി പാർക്കുകള്
ഉണ്ട്, വളർച്ചയുടെ ഇടനാഴികള് , കൂട്ടിയിണക്കലുകൾ ,
റോഡുകൾ , കണ്ണികൾ , എല്ലാ വശങ്ങളിലെയും
രാജ്യങ്ങളുമായും ബന്ധപ്പെടാൻ അതിർത്തികള് കടന്നുള്ള
വഴികൾ . ചില പദ്ധതികൾക്ക് കുറച്ചേറെ സമയം
ആവശ്യമാണു. ചിലത് നടപ്പാക്കുവാൻ ഭൂമിശാസ്ത്രപരമായ
ബുദ്ധിമുട്ടുകൾ കൊണ്ട് നീണ്ടു പോകുന്നുമുണ്ട് .
എങ്കിലും രണ്ടു വർഷം മുൻപു അദ്ദേഹത്തിന്റെ

സന്ദർശനത്തെ തുടർന്ന് മ്യാന്മാറിനോട് വാഗ്ദാനം ചെയ്തത് വളരെ ഭംഗിയായി, തൃപ്തികരമായി പുരോഗതി നേടുന്നു എന്ന് ഞാൻ പറയും.
തായ് ലാൻഡ് പ്രധാനമന്ത്രി പങ്കെടുത്തില്ലെങ്കിൽ ഉച്ചകോടിയിൽ എന്തെങ്കിലും മാറ്റം വരുമോ എന്ന ചോദ്യത്തിന് ഉത്തരമായി വിദേശകാര്യ സെക്രട്ടറി ഇങ്ങനെ പറഞ്ഞു .
അതിനു പ്രത്യേകിച്ചു കാരണം ഒന്നും കാണുന്നില്ല . ഇത് നേതാക്കളുടെ ഉച്ചകോടി ആണ്, ആഭ്യന്തരമായ കാരണങ്ങൾ കൊണ്ട് തായ് പ്രധാനമന്ത്രിക്ക് പങ്കെടുക്കുവാൻ സാധിച്ചില്ലെങ്കിൽ മറ്റുള്ള അംഗങ്ങൾക്ക് അത് മനസിലാക്കുവാൻ സാധിക്കും

വിനോദസഞ്ചാരത്തേയും വിസ ഉദാരവത്ക്കരിക്കലിനെയും കുറിച്ചുള്ള ചോദ്യത്തിന് സെക്രട്ടറി ഇങ്ങനെ മറുപടി നൽകി :
വിനോദസഞ്ചാരം കളിയുടെ ഗതി മാറ്റുന്നതാണ് എന്ന് നമ്മൾ വിശ്വസിക്കുന്നു കാരണം അതുണ്ടാക്കുന്ന തൊഴിൽ അവസരങ്ങൾ , അത് നൽകാന് പോകുന്ന സാമ്പത്തിക നിക്ഷേപം. ഇപ്പോൾ തന്നെ മ്യാന്മാര് അതിർത്തി വഴി വളരെ നല്ലരീതിയിൽ ജനങ്ങൾ തമ്മിലുള്ള പോക്കുവരവുകള് ഉണ്ട് . മെഡിക്കൽ ടൂറിസം എടുത്താല് മണിപ്പൂരിൽ നല്ല മെഡിക്കൽ സൌകര്യങ്ങള് ഉണ്ട് ഗുവാഹട്ടിയില് ലോകോത്തര നിലവരാമുള്ള കണ്ണ് ആശുപത്രി ഉണ്ട് .തെക്ക് കിഴക്കൻ ഏഷ്യയില് നിന്നും ജനങ്ങൾ ഈ സൗകര്യം ഉപയോഗിക്കുവാൻ എത്തുന്നു എന്ന് ഞങ്ങള് കണ്ടെത്തി. മറ്റു വിനോദ സഞ്ചാര പ്രവർത്തികള് നോക്കിയാല് മണിപ്പൂരിലെ ഇംഫാലിൽ ആദ്യമായി ഈയിടെ അന്താരാഷ്ട്ര വിമാനം എത്തി . അതൊരു അന്താരാഷ്ട്ര വിമാനതാവളമാണ് . അത് നയിച്ചത് മണ്ടാലെയിലെയും സഗേങ്ങിലെയും മുഖ്യമന്ത്രിമാർ ആയിരുന്നു മണിപ്പൂർ

മുഖ്യമന്ത്രി ആണ് സ്വീകരിച്ചത്. അവർ ഗുവാഹാട്ടി സന്ദർശിച്ചു .മേഖല സന്ദർശിച്ച ശേഷം അവര് ബോധ്ഗയ സന്ദർശിച്ചു.

കൃത്യമായ കണ്ണികൾ ഇണക്കുമ്പോള് നമുക്ക് തുറക്കുവാന് സാധിക്കുന്ന സാധ്യതകൾ എങ്ങിനെ എന്ന് നിങ്ങൾക്ക് ഊഹിക്കുവാൻ സാധിക്കും .അത് ആകാശം, സമുദ്രം, റോഡു വഴി ആയാലും ജനങ്ങളെ അത് എളുപ്പത്തില് അധികം ക്ഷ്ടപ്പാടില്ലാതെ അല്ലാത്ത രീതിയിൽ എല്ലായിടത്തും എത്താൻ സഹായിക്കും.

വിസയെക്കുറിച്ചും അത് കുറെക്കൂടെ എളുപ്പമാക്കുവാനുള്ള സാധ്യതകളെ കുറിച്ചും ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു . നമ്മുടെ ഉത്കണ്ഠകൾ പരിഗണിച്ചു കൊണ്ട് തന്നെ ജനങ്ങൾക്ക് കൂടുതല് ബുദ്ധിമുട്ടുകള് വരാതെ യാത്ര ചെയ്യാൻ അത് സഹായിക്കും.

പ്രധാനമന്ത്രി ഈ യാത്രയിൽ പ്രാധാന്യം കൊടുക്കുന്ന മേഖലകളെ കുറിച്ചുള്ള പട്ടികയെകുറിച്ചു വന്ന ചോദ്യത്തിന്

വിദേശകാര്യ സെക്രട്ടറി ഇങ്ങനെ പറഞ്ഞു :

പ്രധാന മേഖലകളെ കുറിച്ച് വളരെ വിശദമായ അറിവുകള് ഞാൻ നൽകിക്കഴിഞ്ഞു. പ്രത്യേകിച്ചും നേതൃത്വം കൊടുക്കുന്ന രാജ്യങ്ങളിൽ ഒന്നാണു ഇന്ത്യ എന്ന നിലയിൽ - ഗതാഗതം, വിനോദസഞ്ചാരം, പരിസ്ഥിതി ദുരന്തങ്ങൾ കൈകാര്യം ചെയ്യൽ , തീവ്രവാദ പ്രതിരോധം . ഒന്ന് പറയട്ടെ , നമ്മൾ ബിംസ്ടെക്കിനെ കുറിച്ച് പറയുമ്പോള് നിങ്ങൾ അത് ആസിയാനും സാർക്കും തമ്മില് ബന്ധപ്പെടുതുന്നതാണ് അത് എന്ന് പറയുമ്പോൾ ഞാന് പറഞ്ഞ പ്രധാനപ്പെട്ട മേഖല വടക്ക് കിഴക്കാണ് എന്ന് നിങ്ങൾ അറിയണം . ഈ കൂട്ടിയോജിപ്പിക്കൽ നടത്തി നമ്മുടെ അവിടെയുള്ള സംസ്ഥാനങ്ങളുടെ പ്രയോജനം മുന്നോട്ട് കൊണ്ടുവാരാനുള്ള ബിംസ്ട്ക്കിന്റെ ശ്രമങ്ങളെ

കുറച്ചു കാണരുത്
വടക്ക് കിഴക്കിൽ പര്സ്പരമുള്ള കൂട്ടി യോജിപ്പിക്കല് വലിയ പ്രശ്നം തന്നെ ആണ് . നമ്മൾ ലക്ഷ്യം ഇട്ടു ചെയ്യുന്ന കാര്യങ്ങൾ അത് കിഴക്ക് നോക്കല് നയം ആയാലും ബിംസ്ടെക്കിൽ ആയാലും കൂട്ടി യോജിപ്പിക്കല് എന്നത് ആണ്
ഗതാഗതം, വ്യാപാരം, വിനോദസഞ്ചാരം , വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ എല്ലാം കൂട്ടിയോജിപ്പിക്കൽ ഈ മേഖലയുടെ വികസനത്തിന് പ്രധാനമന്ത്രി പ്രത്യേക താത്പര്യം എടുത്തിട്ടുണ്ട് എന്നു നിങ്ങൾക്കു അറിയാവുന്നതാകുന്നു . ഈ ലക്ഷ്യത്തോടെ കഴിഞ്ഞ വര്ഷം ആസൂത്രണ കമ്മീഷന്റെ ഒരു യോഗം ഉണ്ടായിരുണ് .

ആസൂത്രണ കമ്മീഷൻ വടക്ക് കിഴക്കിനെ ലക്ഷ്യമിട്ടിട്ടുണ്ട് , എങ്ങിനെ നമുക്ക് വികസിപ്പിക്കുവാൻ സാധിക്കുമെന്ന് നോക്കുന്നു . മൂന്നാഴ്ച മുന്പ് ഞാൻ ഗുവാഹട്ടിയില് ഉണ്ടായിരുന്നു . സിവിൽ ഏവിയേഷന് , ടെലികോം, ഊർജം , റോഡ് ഗതാഗതം -ഹൈവേ , വിനോദസഞ്ചാരം എന്നീ വകുപ്പുകൾ നോകുന്ന പ്രധാനപ്പെട്ട വകുപ്പ് മന്ത്രാലയങ്ങളിലെ സെക്രട്ടറിമാർക്കൊപ്പം ആണ് പോയത് . വടക്ക്-കിഴക്കിന്റെ കാര്യത്തിൽ കൃത്യമായി നമുക്കെന്തു ചെയ്യുവാൻ സാധിക്കുമെന്ന് അറിയുവാന് ആണ് പോയത് . ഈ മേഖല പൂർണമായും മ്യാന്മാറിന്റെ വികസനങ്ങൾക്കൊപ്പം തുറക്കുവാന് പോകുകയാണ് . മ്യാന്മാർ സ്വയം വിദേശ നിക്ഷേപത്തിന് വേണ്ടി തുറക്കപ്പെടും. അതിനൊപ്പം അതിർത്തിയില് അടുത്തുള്ള സ്ഥലങ്ങളിൽ മാറ്റങ്ങള് വരും. വടക്ക്-കിഴക്ക് പിന്നിലാകരുതു എന്നുള്ളത് നമ്മുടെ ഉറപ്പുവരുത്തലാണ് അത് കൊണ്ട് തന്നെ അവിടുത്തെ സാധ്യതകൾ ഉപയോഗിക്കുവാൻ കൂട്ടിയിണക്കലുകള് ഉറപ്പുവരുത്തുകയും എല്ലാം പരസ്പരം ബന്ധപ്പെടുന്നു

എന്നു ഉറപ്പ് വരുത്തുകയും നടപ്പാക്കുകയും വേണം .
ഇതിൽ നമ്മുടെ സാർക്ക് ബന്ധമുള്ള രാജ്യങ്ങള് - ബംഗ്ലാദേശ്
, ഭൂട്ടാൻ, നേപ്പാൾ -എല്ലാവരും പങ്കെടുക്കുന്നു.
അപ്പോൾ മൊത്തം മേഖല കാണേണ്ട ഒന്നു തന്നെയാകും .
ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലെ സാമ്പത്തിക വളർച്ചയെക്കാള്
പത്തു ശതമാനം വടക്ക്-കിഴക്കൻ സംസ്ഥാനങ്ങൾ ശരാശരി
വളർച്ച കൈവരിച്ചു . രണ്ടാം വർഷവും അവര് നേടി .
അത് കൊണ്ട് ഇത് വളരെ വളർച്ചയുള്ള മേഖല ആണ് ,
ഇനിയുള്ള മാസങ്ങളിൽ കൂടുതൽ സാധ്യതകള്
വരാനിരിക്കുന്നു
നമ്മൾ അതിർത്തികളില് വ്യാപാര സ്ഥാനം തുറക്കാമെന്നു
തീരുമാനിക്കുകയും പക്ഷേ രണ്ടു വർഷം കഴിഞ്ഞു
പോയിട്ടും നമ്മുടെ ഭാഗത്ത് അതിർത്തി വ്യാപാര സ്ഥാനം
നമ്മൾ വികസിപ്പിക്കുന്നില്ല . നാഗാലാണ്ടിലെ ലോംഗ്വ
നോക്കിയാൽ മേഞ്ഞ റോഡാണതു. അന്താരാഷ്ട്ര വ്യാപാര
കേന്ദ്രത്തിലേക്കുള്ള അപ്രോച്ച് റോഡ് പോലുമില്ല . നമ്മൾ
മ്യാന്മാറിനെ വികസനത്തിൽ സഹായിക്കുന്നു . നമ്മുടെ
ഭാഗം നമ്മൾ വികസിപ്പിക്കുക ആണ് വേണ്ടത് എന്നു
തോന്നുന്നു ജനങ്ങൾക്ക് അതുകൊണ്ടു ഗുണം ഉണ്ടാകുമെന്ന
ചോദ്യത്തിന് വിദേശകാര്യ സെക്രട്ടറി ഇങ്ങനെ മറുപടി
നല്കി :
അതുമായി ഞാൻ പൂർണമായി യോജിക്കുന്നു . പക്ഷേ
നമ്മുടെ വശം നമ്മൾ വികസിപ്പിക്കുന്നിള്ള എന്ന
നിങ്ങളുടെ പ്രസ്താവനയെ ഞാൻ ചോദ്യം ചെയ്യുന്നു . റോഡ്
പണിതാലുള്ള , പുരോഗതി പെട്ടെന്നാകും പക്ഷേ അവിടെ
സംയോജിത ചെക് പോസ്റ്റുകൾ വരാനുണ്ട് . മണ്ണിൽ ബ്ലൂ
പ്രിന്റുകള് ഉണ്ട് . ഇതിന് വേണ്ടി മടഹ്റാം നിർമ്മാണം
നടക്കുന്നു . റോഡുകൾ പണിയുന്നുണ്ട്, റെയിൽവേ വരുന്നു
, അതായത് അത് സംഭവിക്കുന്നു , പതുക്കെ പക്ഷേ
ഉറപ്പോടെ.
മ്യാന്മാറിൽ പോകുമ്പോള് ശ്രീലങ്കയുടെ പ്രസിഡണ്ടിനെ

പ്രധാനമന്ത്രി കാണുന്നുണ്ടോ ? ഈഴം യുദ്ധം നാലിൽ , 2009 ല് നടന്ന യുദ്ധകുറ്റങ്ങൾക്കു മേൽ അന്താരാഷ്ട്ര അന്വേഷണം വേണം എന്ന നവനീതൻ പിള്ളയുടെ നിർദേശം ശ്രീലങ്കൻ ഗവൺമെന്റ് തള്ളിയതിന്റെ പശ്ചാത്തലത്തില് നമ്മള് എങ്ങിനെ ആകും ജനീവയില് വോട്ട്
ചെയ്യുക എന്ന ചോദ്യത്തിന് വിദേശകാര്യ സെക്രട്ടറി ഇങ്ങനെ പറഞ്ഞു :
ഇതിനുള്ള ആദ്യ പകുതിയുടെ ഉത്തരം അതേ .
പ്രധാനമന്ത്രിയെ ശ്രീലങ്കയുടെ പ്രസിഡന്റിനെ കാണും .
ജനീവയിൽ നമ്മള് എങ്ങിനെ വോട്ട് ചെയ്യുവാന് പോകുന്നു എന്ന രണ്ടാം ചോദ്യത്തിന് , വോട്ടെടുപ്പു നടക്കുന്നതു വരെ നിങ്ങൾ
കാക്കൂ . ഇതൊരു ബുദ്ധിമുട്ടുള്ള പ്രക്രിയ ആണ് എന്നു നിങ്ങൾക്ക് അറിയാം. നമുക്ക് പ്രമേയത്തിന്റെ വിവരങ്ങൾ കാണണം . പല ഘടകങ്ങൾ കണക്കിലെടുത്തു വേണം നമുക്ക് അവസാനമായി വോട്ട് ചെയ്യുവാൻ . അത് ആകും വരെ ഒരുത്തരം നൽകുവാന് ഞാന് ഇഷ്ടപ്പെടുന്നില്ല
നിലവിലുള്ള ഇന്തോ-റഷ്യൻ സിവിലിയന് ന്യൂക്ലിയര് സഹകരണത്തെ കുറിച്ചുള്ള കൂടിയാലോചനകളെ കുറിച്ചുള്ള ചോദ്യത്തിന് വിദേശകാര്യ സെക്രട്ടറി ഇങ്ങനെ മറുപടി നൽകി വളരെ സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ട് വിഷയം ആണ്. അത് തീരുമാനം ആകും തീരും മുൻപു ഒരു ഉത്തരത്തിലേക്കു ഞാൻ ഉടനെ എത്തുന്നില്ല . ഒന്ന് പറയാം നമ്മുടെ ശ്രദ്ധ അതിൽ ഉണ്ട്. വളരെ പെട്ടെന്ന് കരാർ ഒപ്പുവയ്ക്കാനാകുന്ന അവസ്ഥയിലേക്ക് :എത്തുവാൻ കഴിയും എന്ന് പ്രത്യാശിക്കാം .
ബംഗ്ലാദേശ് പ്രധാനമന്ത്രിയും ഇന്ത്യയുടെ പ്രധാനമന്ത്രിയും തമ്മിൽ കൂടിക്കാഴ്ച നടത്തുമ്പോൾ ചർച്ച ചെയ്യാവുന്ന വിഷയങ്ങളെ കുറിച്ചുള്ള ചോദ്യത്തിന് സെക്രട്ടറി ഇങ്ങനെ പറഞ്ഞു: നമുക്കും അവർക്കും പരസ്പരം താത്പര്യമുള്ള വിഷയങ്ങൾ അവര് ചർച്ച ചെയ്യും. മാത്രമല്ല എല്ലാ

മേഖലകളും ചർച്ചയില് വരും സമഗ്രമായും സൌഹൃദപരമായും ആകും ചർച്ചകള് .
നാവികരുടെ വിഷയത്തെ തുടർന്ന് ഇറ്റലിയുമായുള്ള ബന്ധത്തെ കുറിച്ചുള്ള ചോദ്യത്തിന് സെക്രട്ടറി ഇങ്ങനെ പറഞ്ഞു :
സമുദ്രത്തിൽ വച്ചുണ്ടായ പ്രശ്നം ഇറ്റലിയും നമ്മളും തമ്മിലുള്ള ബന്ധങ്ങൾ കുറച്ചു ദുഷ്കരം ആക്കിയിട്ടുണ്ട് എന്ന് ഞാൻ കരുതുന്നു. എങ്കിലും നാവികർക്കെതിരെയുള്ള എസ് യുഎ ചാർജ് നീക്കം ചെയ്തതിനാല് പ്രശ്നം നമ്മുടെ നിയമ പ്രക്രിയയിലൂടെ പരിഹരിക്കുവാൻ വഴി മുന്നോട്ടു കാണുന്നു. അതിനു നമ്മൾ നോക്കിക്കൊണ്ടിരിക്കുന്നു .